"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ ഇലഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 420/1-പാർട്ടിൽ പാറ ഭാഗം ഒഴിവാക്കി 6.07 ആർ ഭൂമി താമസാവശ്യത്തിന് പതിച്ചു നൽകുന്നതിന് ധാതുക്കളുടെ അവകാശം സർക്കാരിൽ നിലനിർത്തി പാറപുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ)വകുപ്പ്**

G.O.(Ms)No.48/2026/RD തീയതി,തിരുവനന്തപുരം, 01-02-2026

---

പരാമർശം:-

1. എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ 27/11/2024 ലെ DOERN-DMG/445/2024-MDO നമ്പർ കത്ത്.
2. എറണാകുളം ജില്ലാ കളക്ടറുടെ 16/07/2025, 30/10/2025 എന്നീ തീയതികളിലെ DCEKM/5498/2023-L2 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13/01/2025, 23/04/2025, 02/12/2025 തീയതികളിലെ LR/7837/2023-LR(J7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ, മൂവാറ്റുപുഴ താലൂക്കിൽ, ഇലഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 420/1 പാറപുറമ്പോക്ക് താമസാവശ്യത്തിനായി ശ്രീമതി. കമലാക്ഷി പൗലോസിന് പതിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി.

2) ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, അപേക്ഷകയുടെ കൈവശമുള്ളത് സർവേ നമ്പർ 420/1-26 ൽ ഉൾപ്പെട്ട 7.49 ആർ (18.5സെന്റ്) ഭൂമിയാണ്. അപേക്ഷകയ്ക്ക് മറ്റ് ഭൂമികളൊന്നുമില്ല, അപേക്ഷകയുടെ വാർഷിക വരുമാനം 42,000 രൂപയാണ്. അപേക്ഷാ വസ്തു 45 വർഷത്തോളമായി അപേക്ഷകയുടെ കൈവശത്തിലാണ്, നിലവിൽ ടി സ്ഥലത്ത് വാസയോഗ്യമല്ലാത്ത വീട് സ്ഥിതിചെയ്യുന്നുണ്ട്, ടിയാളുടെ പേരിൽ മറ്റ് വസ്തു വകകളില്ല, ടിയാൾക്ക് 5 മക്കളുണ്ട്, കൂലിവേല ചെയ്യുന്ന അവിവാഹിതനായ മകനോടൊപ്പം വാടക വീട്ടിലാണ് നിലവിൽ അപേക്ഷക താമസിച്ചു വരുന്നത്. ഭൂമി പതിച്ചു നൽകുന്നത്

താമസാവശ്യത്തിനായതിനാൽ കക്ഷിയ്ക്ക് 6.07 ആർ ഭൂമി മാത്രമേ പതിവിനു അർഹതയുള്ളവെന്നും ഇലഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 420/1 - ന്റെ പാർട്ട് ആയി 6.07 ആർ ഭൂമി പാറപുറമ്പോക്കിൽ നിന്നും തരിശിലേക്ക് ഇനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായും ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

3) അപേക്ഷാ സ്ഥലം പാറഖനനത്തിന് അനുയോജ്യമല്ലായെന്ന് എറണാകുളം ജില്ലാ ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) അപേക്ഷഭൂമി തരിശിലേക്ക് ഇനം മാറ്റുന്നതിന് കുത്തനെ ചരിവായി നിൽക്കുന്ന പാറയുള്ള ഭാഗം ഒഴിവാക്കി, അപേക്ഷക പട്ടയത്തിന് ആവശ്യപ്പെട്ടിട്ടുള്ള ഭൂമി സബ് ഡിവിഷൻ നടത്തി ഇലഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 420/1 ൽ 12.90 ഹെക്ടർ വിസ്തീർണ്ണം ഉള്ളതും, സർവ്വേ നമ്പർ 420/1 - ന്റെ പാർട്ട് ആയി 7.49 ആർ (18.5 സെന്റ്) സബ് ഡിവിഷൻ ചെയ്തിട്ടുള്ളതായി പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശുപാർശ പരിഗണിച്ച്, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ ഇലഞ്ഞി വില്ലേജിൽ സർവ്വേ നമ്പർ 420/1- പാർട്ടിൽ പാറയുള്ള ഭാഗം സർക്കാർ പുറമ്പോക്കായി നിലനിറുത്താനും പാറ ഇല്ലാത്ത പതിവിനു യോഗ്യമായ 6.07 ആർ ഭൂമിയുടെ ഇനം തരിശാക്കി മാറ്റുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

6) തരിശായി മാറ്റിയ ഭൂമിയിലുള്ള ധാതുക്കളുടെ അവകാശം സർക്കാരിൽ നിലനിറുത്തി കൊണ്ട് താമസാവശ്യത്തിന് മാത്രമായി പതിച്ചു നൽകുന്നതിന് ടി പ്രദേശത്ത് ബാധകമായ ഭൂമി പതിവ് ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് എറണാകുളം ജില്ലാ കളക്ടർ നിയമാനുസൃത തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANU S NAIR I A S

DEPUTY SECRETARY

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 02-02-2026 12:30:04

സെക്ഷൻ ഓഫീസർ

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

2. ജില്ലാ കളക്ടർ, എറണാകുളം

3.ശ്രീമതി. കമലാക്ഷി പൗലോസ്, കുഴിപ്പറമ്പിൽ വീട് , ഇലഞ്ഞി(പി.ഒ), എറണാകുളം.

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം.

5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.

6.കരുതൽ ഫയൽ (എ3/12/2025/റവ)